പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6214 — 20/11/2019 ൽ മറുപടിക്ക്

## സ്വന്തമായി കെട്ടിടമില്ലാത്ത മൃഗാശുപത്രികൾ

**ചോദ്യം**

ശ്രീ.കെ.എൻ.എ ഖാദർ

**മറുപടി**

അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | വേങ്ങര നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത ഏതെല്ലാം മൃഗാശുപത്രികൾ ഉണ്ട്; അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നേരിടുന്ന ഏതൊക്കെ മൃഗാശുപത്രികൾ ഉണ്ടെന്ന് അറിയിക്കാമോ; | എ) | വെറ്ററിനറി ഡിസ്‌പെൻസറി വേങ്ങരയ്ക്ക് സ്വന്തമായി കെട്ടിടമില്ല.<br><br>അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുള്ള സ്ഥാപനങ്ങളൊന്നും തന്നെയില്ല<br><br>വെറ്ററിനറി ഡിസ്‌പെൻസറി കണ്ണമംഗലം, വെറ്ററിനറി ഡിസ്‌പെൻസറി പറപ്പൂർ, വെറ്ററിനറി ഡിസ്‌പെൻസറി കുന്നുംപുറം എന്നിവയ്ക്ക് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. |
| ബി) | പ്രസ്തുത മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ? | ബി) | വെറ്ററിനറി ഡിസ്‌പെൻസറി വേങ്ങരയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2019-20 വർഷത്തെ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി പ്രകാരം 40 ലക്ഷം രൂപ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും നീക്കി വെച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ